"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ഇടുക്കി ജില്ലയിലെ വെങ്ങല്ലൂർ മങ്ങാട്ടുകവല റോഡിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട LAR 01/23 നമ്പർ കേസിലെ വിധിക്കടത്തുക അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1881/2025/PWD തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 653/2022/PWD, തീയതി 20.06.2022
2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 04.08.2025, 03.11.2025 തീയതികളിലെ CEPWD/9171/2022-FR1(F)-RD നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വെങ്ങല്ലൂർ - മങ്ങാട്ടുകവല റോഡിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട LAR കേസുകൾക്ക് 37,36,346/- രൂപ 5054-03-337-98 PC എന്ന ശീർഷകത്തിൽ മേൽ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നു.

2. മേൽ വിഷയവുമായി ബന്ധപ്പെട്ട എൽ.എ.ആർ. 01/23 നമ്പർ കേസിന് വിധിക്കടത്തുക നൽകുന്നതിനായി 3,45,428/- രൂപ ആവശ്യമാണെന്നും, പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി മുൻപ് അനുവദിച്ച 37,36,346/-രൂപയുടെ ഭരണാനുമതിയോടൊപ്പം ടി തുകയും കൂടി ഉൾപ്പെടുത്തി ആകെ 40,81,774/-രൂപ (നാല്പത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുന്നൂറ്റി എഴുപത്തി നാല് രൂപ മാത്രം) യുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ പരാമർശം 2 പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ വെങ്ങല്ലൂർ - മങ്ങാട്ടുകവല റോഡിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട എൽ.എ.ആർ. 01/23 നമ്പർ കേസിന് വിധിത്തുക നൽകുന്നതിനു വേണ്ട 3,45,428/- രൂപ അനുവദിക്കുന്നതിലേക്കായി പരാമർശം1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 37,36,346/- രൂപയുടെ ഭരണാനുമതിയോടൊപ്പം ടി തുകയും കൂടി ഉൾപ്പെടുത്തി ആകെ 40,81,774/-രൂപ (നാല്പത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുന്നൂറ്റി എഴുപത്തി നാല് രൂപ മാത്രം) യുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80 PC എന്ന ശീർഷകത്തിൽ അനുവദിച്ച് പുതുക്കിയ

ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമേഷ് കുമാർ സി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

ചീഫ് എൻജിനീയർ (നിരത്തുകളും ഭരണവും വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സെൻട്രൽ സർക്കിൾ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, ഇടുക്കി.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Savitha .o.d
Date: 17-12-2025 16:52:34
സെക്ഷൻ ഓഫീസർ